## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5989

10.07.2012 ൽ മറുപടിയ്ക്ക്

### കൊല്ലം ജില്ലയിൽ ഇന്ദിര ആവാസ് യോജന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) കൊല്ലം ജില്ലയിൽ 2011-12 വർഷം ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം പുതിയ വീടുകളുടെ എണ്ണം എത്രയാണ്; | എ) കൊല്ലം ജില്ലയിൽ 2011-12 വർഷം ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം പുതിയ വീടുകളുടെ എണ്ണം - 6364 |
| ബി) ആയതിൽ എത്ര വീടുകൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്; | ബി) നാളിതുവരെ പൂർത്തീകരിച്ച വീടുകളുടെ എണ്ണം - 4907 |
| സി) IAY ഭവന പദ്ധതി പ്രകാരം പൊതു വിഭാഗം, പട്ടികജാതി വിഭാഗം കുടുംബങ്ങൾക്ക് വീടൊന്നിന് ആകെ എത്ര രൂപ ലഭിക്കും; പ്രസ്തുത തുക നൽകാൻ ഉത്തരവായത് എന്നുമുതലാണ്; | സി) ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം പൊതു വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും വീടൊന്നിന് 2,00,000/- രൂപ വീതം ലഭിക്കും. പട്ടികജാതി വിഭാഗങ്ങൾക്ക് ഈ തുക നൽകാൻ ഉത്തരവായത് 19.01.2012 ലും ജനറൽ വിഭാഗങ്ങൾക്ക് ഈ തുക നൽകാൻ ഉത്തരവായത് 16.03.2012 ലും ആണ്. രണ്ട് വിഭാഗങ്ങൾക്കും വർദ്ധിപ്പിച്ച നിരക്കിൽ 15.09.2011 മുതൽ പ്രാബല്യം നൽകി ഉത്തരവായി. 15.09.2011 ന് ശേഷം മുഴുവൻ പണിയും നടത്തുന്നവർക്ക് മുഴുവൻ തുകയും 15.09.2011 ന് മുൻപ് ഒന്നോ അതിലധികമോ ഘട്ടങ്ങൾ പൂർത്തീകരിച്ച് ധനസഹായം സ്വീകരിച്ചവർക്ക് ശേഷിക്കുന്ന ഘട്ടങ്ങൾക്ക് ആനുപാതിക വർദ്ധനവുമായിരിക്കും ബാധകമാകുന്നത്. |
| ഡി) IAY ഗുണഭോക്താക്കൾ വീട് പണിയുമ്പോൾ ഉണ്ടാകുന്ന അധികബാധ്യത ലഘൂകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | ഡി) ഗുണഭോക്താക്കൾ വീട് പണിയുമ്പോൾ ഉണ്ടാകുന്ന അധികബാധ്യതയുടെ ഒരു വിഹിതം സർക്കാർ വഹിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ